(ഡി) മായം ചേർക്കൽ തടയുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഓയിൽ കമ്പനികളുടെ മൊബൈൽ യൂണിറ്റുകൾ പെട്രോൾ ബങ്കുകൾ പരിശോധിക്കുകയും വിൽക്കുന്ന പെട്രോളിന്റെ ഗുണമേന്മ ഉറപ്പു വരുത്തുകയും ചെയ്യാറുണ്ട്. എല്ലാ ദിവസവും വിൽപ്പനയ്ക്കു മുമ്പും പുതിയ ലോഡു വരുമ്പോഴും ഡെൻസിറ്റി പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ കീഴിലുള്ള ആന്റി അഡൾട്ടറേഷൻ സെല്ലും പെട്രോളിന്റെ ഗുണനിലവാരവും അളവും മറ്റും പരിശോധിക്കാറുണ്ട്.

(സി) ഏപ്രിൽ 2002 മുതൽ നിശ്ചിത സെപ്സിഫിക്കേഷൻ ഇല്ലാത്ത ഉൽപ്പന്നം വിറ്റതോ അല്ലെങ്കിൽ സാമ്പിൾ പരിശോധനയിൽ നിശ്ചിത സെപ്സിഫിക്കേഷൻ ഇല്ലാതെയോ വന്ന ഏഴു കേസ്സുകൾ റിപ്പോർട്ട് ചെയ്തതായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ മാർഗ്ഗരേഖയനുസരിച്ചുള്ള നടപടികൾ ഓയിൽ കമ്പനികൾ സ്വീകരിച്ചു വരുന്നുണ്ട്.

അവശകലാകാരന്മാർക്കുള്ള പെൻഷൻ

61 (1856) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശകലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രതിമാസ പെൻഷൻ തുക എത്രയാണ് ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് ഈ പെൻഷൻ നൽകുന്നത് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്രപേർക്ക് പെൻഷൻ അനുവദിച്ചു നൽകിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ഇ) അവശകലാന്മാർക്ക് നൽകുന്ന പെൻഷനിൽ എന്നുമുതൽ കുടിശ്ശിക വന്നിട്ടുണ്ടെന്ന് പറയാമോ ;

(എഫ്) അവശകലാകാരന്മാർക്ക് നൽകുന്ന തുച്ഛമായ പെൻഷൻ തുക കുടിശ്ശികയില്ലാതെ വിതരണം ചെയ്യുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗുണഭോക്താക്കളുടെ എണ്ണം 1500 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) 400 രൂപ

(സി) സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കാണ് ഈ പെൻഷൻ നൽകുന്നത്.

(ഡി) 105 പേർക്ക്.

(ഇ&എഫ്) അവശകലാകാരന്മാർക്കുള്ള പെൻഷനിൽ കുടിശ്ശിക വന്നിട്ടില്ല. 2003 മേയ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനായിട്ടുള്ള അനുവാദം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

തുഞ്ചൻ സ്മാരക ഭരണസമിതി രൂപീകരണം

62 (1857) ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുഞ്ചൻ സ്മാരകത്തിന്റെ ഭരണസമിതി രൂപീകരിച്ച് ഉത്തരവായതെന്നാണെന്നും ഈ ഭരണസമിതിയുടെ ചെയർമാനും അംഗങ്ങളും ആരെല്ലാമാണ് എന്നും വ്യക്തമാക്കുമോ ;

(ബി) ഇവരെ നിയമിക്കുന്ന രീതിയെന്താണ് ; ഇവർ ആയുഷ്ക്കാല മെമ്പർമാരാണോ ;

(സി) ഈ സമിതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) തുഞ്ചൻ സ്മാരകത്തിന്റെ ചെലവുകൾ നടത്തുന്നത് ഏതുവിധത്തിലാണ് ;

(ഇ) തുഞ്ചൻ സ്മാരകത്തിന്റെ ഇപ്പോഴത്തെ ഭരണ സമിതി അംഗങ്ങളുടെ സാംസ്ക്കാരിക പ്രവർത്തന പാരമ്പര്യം എന്തെന്ന് വിശദീകരിക്കുമോ ;

(എഫ്) ഇതിന്റെ ഭരണസമിതിക്ക് ജനാധിപത്യ സ്വഭാവമുണ്ടോ ; ഇല്ലെങ്കിൽ അതിന് ജനാധിപത്യ സ്വഭാവം ലഭിക്കത്തക്കവണ്ണം അതിന്റെ ഭരണ സമിതി രൂപീകരണം സംബന്ധിച്ച് ഉത്തരവിലോ ചട്ടത്തിലോ വേണ്ട ഭേദഗതി വരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly